**84/25-M**

ചോദ്യ പുസ്തക ക്രമനമ്പർ

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

A

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

VPK Learnings

1. തിരുവിതാംകൂറിൽ ദിവാൻ എന്ന ഔദ്യോഗിക നാമം സ്വീകരിച്ച ആദ്യത്തെ പ്രധാനമന്ത്രി ആര് ?

   A) അയ്യപ്പൻ മാർത്താണ്ഡപിള്ള

   B) രാജാ കേശവദാസൻ

   C) പാലിയത്ത് കോമി അച്ചൻ

   D) ഇവരാരുമല്ല

2. 1809-ൽ 'ഏകദൈവ വിശ്വാസികൾക്കുള്ള സമ്മാനം' എന്ന പ്രസിദ്ധഗ്രന്ഥം പാർസി ഭാഷയിൽ രചിച്ച സാമൂഹ്യ പരിഷ്കർത്താവ്

   A) ഈശ്വർചന്ദ്ര വിദ്യാസാഗർ

   B) ദേബേന്ദ്രനാഥ ടാഗോർ

   C) ദാദാഭായി നവറോജി

   D) റാം മോഹൻ റോയി

3. ചൈനീസ് റിപ്പബ്ലിക്കിന്റെ ആദ്യ പ്രസിഡന്റ് ആര് ?

   A) മാവോസെതുങ്ങ്

   B) ലെനിൻ

   C) ട്രോട്സ്കി

   D) സൺയാത് സെൻ

4. കീഴരിയൂർ ബോംബ് കേസ് ഏത് പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

   A) നിസ്സഹകരണ പ്രസ്ഥാനം

   B) ഖിലാഫത്ത് പ്രസ്ഥാനം

   C) ക്വിറ്റിന്ത്യാ പ്രസ്ഥാനം

   D) സിവിൽ നിയമ ലംഘന പ്രസ്ഥാനം

5. 1851-ൽ ''അവധ് ഒരു ദിവസം നമ്മുടെ വായിൽ പതിക്കാൻ പോകുന്ന ഒരു ചെറി'' എന്ന് പറഞ്ഞ ഗവർണർ ജനറൽ ആര് ?

   A) വെല്ലസ്ലി പ്രഭു

   B) ഡൽഹൗസി പ്രഭു

   C) കോൺവാലിസ് പ്രഭു

   D) വില്യം ബെന്റിക് പ്രഭു

6. നാറ്റോ സൈനിക സഖ്യത്തിൽ അവസാനമായി അംഗത്വം എടുത്ത രാജ്യം

A) ഫിൻലാന്റ്
B) ലാത്വിയ
C) ലിത്വാനിയ
D) സ്വീഡൻ

7. മൗസിൻറാമിൽ ഏറ്റവും കൂടുതൽ വാർഷികമഴ ലഭിക്കാനുള്ള കാരണം തന്നിട്ടുള്ളവയിൽ ഏതാണ് ?

A) വടക്കുകിഴക്കൻ മൺസൂൺ മഴ നന്നായി ലഭിക്കുന്നതുകൊണ്ട്
B) ബംഗാൾ ഉൾക്കടലിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന ചക്രവാതച്ചുഴി
C) കാസി കുന്നുകളുടെ സാന്നിധ്യം
D) മിതോഷ്ണമേഖല പ്രദേശത്ത് സ്ഥിതി ചെയ്യുന്നതുകൊണ്ട്

8. ഇന്ത്യയിലെ തുണി വ്യവസായവുമായി ബന്ധപ്പെട്ട് താഴെ നൽകിയിട്ടുള്ള പരാമർശങ്ങളിൽ ശരി ഏത് ?

i. ഇന്ത്യയിലെ ആദ്യത്തെ തുണി മില്ലുകൾ ബോംബെ, അഹമ്മദാബാദ് എന്നിവിടങ്ങളിൽ സ്ഥാപിക്കപ്പെട്ടു.
ii. സ്വദേശി പ്രസ്ഥാനം ഇന്ത്യയിലെ പരുത്തിയുടെ ആവശ്യം വർധിപ്പിച്ചു.
iii. 1921-നു ശേഷം ഉണ്ടായ റെയിൽവേ വികസനം തുണി വ്യവസായത്തെ പുരോഗതിയിൽ എത്തിച്ചു.
iv. ജലവൈദ്യുത ശക്തിയുടെ ലഭ്യത തമിഴ്നാട്ടിൽ തുണി വ്യവസായം വളരാൻ കാരണമായി.

A) i and ii
B) i, ii and iii
C) i and iv
D) i, ii, iii and iv

9. തന്നിരിക്കുന്ന നദികളെ കേരളത്തിൽ കൂടി ഒഴുകുന്ന ദൂരത്തിന്റെ അടിസ്ഥാനത്തിൽ വലുതിൽ നിന്നും ചെറുതിലേക്ക് ക്രമപ്പെടുത്തുക.

A) കബനി, ഭവാനി, പാമ്പാർ
B) ഭവാനി, പാമ്പാർ, കബനി
C) പാമ്പാർ, ഭവാനി, കബനി
D) കബനി, പാമ്പാർ, ഭവാനി

10. താഴെ തന്നിരിക്കുന്നതിൽ ശരിയായ പട്ടിക ഏതെല്ലാം ?

i. ഭൗമോന്തർഭാഗത്ത് നിന്നുള്ള ശിലാദ്രവ്യത്തിൽ നിന്നും രൂപപ്പെട്ട ശില – അവസാദശില

ii. ഉയരം കൂടുന്നതിനനുസരിച്ച് ഊഷ്മാവ് കുറയുന്ന പ്രതിഭാസം – ക്രമമായ താപ നഷ്ട നിരക്ക്

iii. ഭൂവൽക്കത്തെയും മാന്റിലിനെയും വേർതിരിക്കുന്ന മേഖല – ഗുട്ടൺബർഗ് പരിവർത്തന മേഖല

iv. നിശ്ചിതദിശയിൽ നിശ്ചിത പാതയിലൂടെയുള്ള സമുദ്ര ജലത്തിന്റെ സഞ്ചാരം – സമുദ്ര ജലപ്രവാഹം

A) i and ii B) ii and iii C) i and iv D) ii and iv

11. താഴെ നൽകിയിട്ടുള്ളവയിൽ ഹരിതഗൃഹപ്രവാഹത്തിന് കാരണമല്ലാത്ത വാതകം ഏത് ?

A) ഓസോൺ B) മീഥെൻ

C) കാർബൺ ഡൈ ഓക്സൈഡ് D) നൈട്രജൻ

12. ചെനാബ് റെയിൽവേ പാലത്തെക്കുറിച്ച് തന്നിരിക്കുന്ന പരാമർശങ്ങളിൽ ശരിയായത് ഏത് ?

i. റീസി ജില്ലയിലെ ബാക്കൽ – കൗരി സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്നു.

ii. 359 മീറ്റർ ഉയരമുള്ള നിർമിതി ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ പാലമാണ്.

iii. ബാരാമുള്ള – ശ്രീനഗർ – ഉധംപൂർ റെയിൽവേ പാതയിലാണ് ചെനാബ് പാലം സ്ഥിതി ചെയ്യുന്നത്.

iv. 1315 മീറ്റർ നീളമുള്ള പാലത്തിന്റെ പ്രധാന നിർമ്മാണ മേൽനോട്ടം കൊങ്കൺ റെയിൽവേക്കായിരുന്നു.

A) i, ii and iii B) ii, iii and iv

C) i and iv D) i, ii, iii and iv

13. ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവ്

A) V.K.R.V. റാവു B) S.N. വർമ്മ

C) എം. വിശ്വേശരയ്യ D) ജവഹർലാൽ നെഹ്റു

14. പ്രതിശീർഷ വരുമാനം എന്നത്

A) ദേശീയവരുമാനം/ആകെ ജനസംഖ്യ

B) ആകെ ജനസംഖ്യ/ദേശീയവരുമാനം

C) ആകെ തൊഴിലാളികൾ/ആകെ ജനസംഖ്യ

D) ആകെ ജനസംഖ്യ/ആകെ തൊഴിലാളികൾ

15. ഒരു നിശ്ചിത കാലത്തേക്ക് സാധാരണ നികുതിക്കുമേൽ ചുമത്തുന്ന അധിക നികുതിയാണ്

A) സേവന നികുതി

B) സെസ്സ്

C) എക്സൈസ് ഡ്യൂട്ടി

D) സർ ചാർജ്

16. സ്വാതന്ത്ര്യത്തിന്റെ അൻപതാം വർഷത്തിൽ ആരംഭിച്ച പഞ്ചവത്സര പദ്ധതി

A) ഒൻപതാം പഞ്ചവത്സര പദ്ധതി

B) എട്ടാം പഞ്ചവത്സര പദ്ധതി

C) പത്താം പഞ്ചവത്സര പദ്ധതി

D) ഏഴാം പഞ്ചവത്സര പദ്ധതി

17. താഴെപ്പറയുന്നവയിൽ ശരിയേത് ?

i. വാഗുൽ കമ്മിറ്റി – ഇന്ത്യൻ മണിമാർക്കറ്റ്

ii. ശിവരാമൻ കമ്മിറ്റി – നബാഡിന്റെ രൂപീകരണം

iii. കാർവെ കമ്മിറ്റി – ഗ്രാമീണ ചെറുകിട വ്യവസായം

A) i മാത്രം

B) ii മാത്രം

C) iii മാത്രം

D) എല്ലാം ശരിയാണ്

18. ''യോഗ ക്ഷേമം വഹാമ്യഹം'' (Your welfare is our responsibility) എന്നത് ഏത് ഇൻഷുറൻസ് കമ്പനിയുടെ ആപ്ത വാക്യമാണ് ?

A) ബജാജ് ഇൻഷുറൻസ്

B) എൽ. ഐ. സി.

C) മാരുതി ഇൻഷുറൻസ്

D) മാക്സ് ലൈഫ് ഇൻഷുറൻസ്

19. ഇന്ത്യൻ ഭരണഘടനയിലെ ഭാഗം IV A യിൽ (51A) പ്രതിപാദിച്ചിരിക്കുന്ന മൗലിക കടമകളിൽ പെടാത്തവ ഏവ/ഏതൊക്കെ ?

I. തൊഴിൽ കരം അടയ്ക്കുക.

II. അനാഥരായ കുട്ടികളെ സഹായിക്കുക.

III. കുട്ടികളെക്കൊണ്ട് അപകടകരമായ മേഖലകളിൽ പണി എടുപ്പിക്കാതിരിക്കുക.

IV. വിദേശികളോട് നല്ല രീതിയിൽ പെരുമാറുക.

A) I, IV

B) I, II, III, IV

C) II, IV

D) I, III, IV

20. ചേരുംപടി ചേർക്കുക.

| | |
|---|---|
| I. ഭരണഘടനയുടെ 27-ാം വകുപ്പ് | A. കോടതിയുടെ പുന:രവലോകനാധികാരം |
| II. ഭരണഘടനയുടെ 18-ാം വകുപ്പ് | B. ഹൈക്കോടതിക്ക് ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അധികാരം |
| III. ഭരണഘടനയുടെ 13-ാം വകുപ്പ് | C. മതസ്ഥാപനങ്ങൾക്ക് വിനിയോഗിക്കുന്ന പണത്തെ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു |
| IV. ഭരണഘടനയുടെ 226-ാം വകുപ്പ് | D. സ്ഥാനമാനങ്ങൾ നിരോധിക്കുന്ന വകുപ്പ് |

A) I – B, II – D, III – C, IV – A
B) I – D, II – A, III – B, IV – C
C) I – C, II – D, III – B, IV – A
D) I – C, II – D, III – A, IV – B

21. ഇന്ത്യൻ പൗരത്വവുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

1. ഏതെങ്കിലും ഭൂപ്രദേശം ഇന്ത്യയോട് കൂട്ടിച്ചേർക്കുകയാണെങ്കിൽ അവിടുത്തെ ജനങ്ങൾ സ്വഭാവികമായി ഇന്ത്യൻ പൗരൻമാരാകും.
2. ഒരു കുട്ടി വിദേശത്താണ് ജനിക്കുന്നതെങ്കിൽ പോലും ആ സമയത്ത് മാതാപിതാക്കളിൽ ഒരാളെങ്കിലും ഇന്ത്യൻ പൗരനാണെങ്കിൽ ആ കുട്ടിക്ക് ഇന്ത്യൻ പൗരത്വം ലഭിക്കും.
3. ഭരണഘടനയുടെ ഭാഗം III-ൽ 5 മുതൽ 11 വരെയുള്ള വകുപ്പുകൾ പൗരത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.
4. ഇന്ത്യൻ പാർലമെന്റിനാണ് പൗരത്വത്തെക്കുറിച്ച് നിയമം ഉണ്ടാക്കാൻ അധികാരം ഉള്ളത്.

A) 3
B) 4
C) 1, 3
D) 2, 4

22. ഇന്ത്യൻ ഭരണഘടനയുടെ 86-ാം ഭേദഗതിയുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

a. 86-ാം ഭേദഗതിയിലൂടെ 21A എന്ന വകുപ്പ് കൂട്ടിച്ചേർത്തു.
b. പ്രാഥമിക വിദ്യാഭ്യാസം ഈ ഭേദഗതിയിലൂടെ മൗലികാവകാശമാക്കി മാറ്റി.
c. ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണം.
d. നിർദ്ദേശകതത്ത്വങ്ങളിലെ 45-ാം വകുപ്പുമായി ബന്ധപ്പെട്ടതാണ് ഈ ഭേദഗതി.

A) a, b, c
B) b, c, d
C) a, b, c, d
D) a, c, d

23. ചേരുംപടി ചേർക്കുക.

| | |
|---|---|
| I. ധനകാര്യ കമ്മീഷൻ | A. വകുപ്പ് 148 |
| II. ഇലക്ഷൻ കമ്മീഷൻ | B. വകുപ്പ് 76 |
| III. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ | C. വകുപ്പ് 324 |
| IV. അറ്റോർണി ജനറൽ | D. വകുപ്പ് 280 |

A) I – D, II – C, III – A, IV – B

B) I – C, II – A, III – B, IV – D

C) I – A, II – B, III – D, IV – C

D) I – B, II – D, III – C, IV – A

24. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

1. കേന്ദ്ര, സംസ്ഥാന, സംയുക്ത ലിസ്റ്റുകളിൽ പെടാത്ത വിഷയങ്ങളാണ് അവശിഷ്ടാധികാരങ്ങളിൽപ്പെടുന്നത്.
2. സൈബർ നിയമങ്ങൾ അവശിഷ്ടാധികാരങ്ങളിൽപ്പെടുന്നു.
3. അവശിഷ്ടാധികാരങ്ങളിൽ നിന്നും നിയമം നിർമ്മിക്കാൻ കേന്ദ്രഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റുകൾക്കും അധികാരം ഉണ്ട്.
4. അവശിഷ്ടാധികാരം എന്ന ആശയം ഇന്ത്യ കടമെടുത്തത് കാനഡയിൽ നിന്നുമാണ്.

A) 1 B) 4 C) 2 D) 3

25. പാർലമെന്ററി സമ്പ്രദായത്തിന്റെ സവിശേഷതകളിൽ പെടാത്തവ ഏത്/ഏവ ?

I. കൂട്ടുത്തരവാദിത്വം (Collective Responsibility)

II. പ്രധാനമന്ത്രിയും മറ്റുമന്ത്രിമാരും നിയമ നിർമ്മാണ സഭാംഗങ്ങൾ ആണ്.

III. മന്ത്രിസഭയ്ക്ക് നിയമനിർമ്മാണ സഭയോട് ഉത്തരവാദിത്വം ഉണ്ടായിരിക്കുകയില്ല.

IV. പാർലമെന്ററി സമ്പ്രദായത്തിൽ യഥാർത്ഥ ഭരണാധികാരിയും (Real Executive) നാമമാത്രമായ ഭരണാധികാരിയും (Nominal Executive) ഉണ്ടായിരിക്കും.

A) IV B) III C) I D) II

VIPK Learnings

26. ''ഓപ്പറേഷൻ അമൃത് '' എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) അംഗൻവാടികളിലെ കുട്ടികൾക്ക് സമീകൃതാഹാരം നല്കുന്നത്

B) ജയിലുകളിലെ ഭക്ഷണരീതി ക്രമീകരിക്കുന്നത്

C) ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ കുറിപ്പടിയില്ലാതെ മരുന്നുവിറ്റാൽ നടപടി എടുക്കുന്നത്

D) ഇവയൊന്നുമല്ല

27. കേരളത്തിലെ നീതിന്യായ വ്യവസ്ഥയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏവ ?

I. മയക്കുമരുന്ന് കടത്തുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന പ്രത്യേക കോടതികൾ തൊടുപുഴ, വടകര എന്നിവിടങ്ങളിലാണ്.

II. അവശ്യവസ്തുക്കളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന പ്രത്യേക കോടതി തൃശ്ശൂരാണ്.

III. നെയ്യാറ്റിൻകര, കൊട്ടാരക്കര എന്നിവിടങ്ങളിലാണ് അബ്കാരി കേസുകൾ മാത്രമുള്ള പ്രത്യേക കോടതികൾ പ്രവർത്തിക്കുന്നത്.

IV. ലോക് അദാലത്തിൽ തീർപ്പാക്കിയ കേസുകൾക്ക് തുടർന്ന് അപ്പീൽ പറ്റില്ല.

A) I, II, III, IV  B) I, II, III  C) I, II, IV  D) I, IV

28. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെയർമാൻ ആയിട്ടില്ലാത്ത വ്യക്തി ആര് ?

A) ഗംഗാധരക്കുറുപ്പ്

B) കെ. ജി. അടിയോടി

C) Dr. സിറിയക് തോമസ്

D) സാവൻകുട്ടി ടി. എം.

29. ഫസ്റ്റ്-പാസ്റ്റ്-ദി-പോസ്റ്റ് വോട്ടിംഗ് (FPTP) സമ്പ്രദായത്തിലൂടെ തെരഞ്ഞെടുപ്പ് നടത്തുന്നത് താഴെ പറയുന്നതിൽ ആരെ തെരഞ്ഞെടുക്കുവാൻ ആണ് ?

A) രാഷ്ട്രപതി

B) ഉപരാഷ്ട്രപതി

C) സംസ്ഥാന ലെജിസ്ലേറ്റീവ് അസംബ്ലി അംഗങ്ങളെ (MLA)

D) സംസ്ഥാന ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങളെ (MLC)

30. കേരളാ തെരഞ്ഞെടുപ്പു കമ്മീഷനുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/ പ്രസ്താവനകൾ ഏവ ?

1. രൂപീകരിച്ചത് 1964 ഡിസംബർ 3 നാണ്.
2. തെരഞ്ഞെടുപ്പു കമ്മീഷണറെ നിയമിക്കുന്നത് കേരളാ ഗവർണർ ആണ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നു.
4. ആദ്യത്തെ തെരഞ്ഞെടുപ്പ് കമ്മീഷണർ M.S.K. രാമസ്വാമിയായിരുന്നു.

A) 4 B) 1 C) 3 D) 2

31. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യത്തിൽ പെടാത്തത് ഏത്/ഏവ ?

1. ഹൈസ്കൂൾ – ഹയർസെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ക്ലാസ്സ് മുറികൾ ആക്കുക.
2. സംസ്ഥാനത്തെ 1000 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക.
3. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യമുൾപ്പെടെ വിദ്യാർത്ഥികളിൽ ആശയ വിനിമയ ശേഷിയും ജീവിത നൈപുണികളും വർദ്ധിപ്പിക്കുക.
4. വിദ്യാർത്ഥികൾക്ക് സ്കൂളിൽ മൂന്നുനേരം ഭക്ഷണം നൽകുക.

A) 3, 4 B) 2 C) 2, 4 D) 4

32. മസ്തിഷ്കത്തിലെ പ്രത്യേക ഗാംഗ്ലിയോണുകളുടെ (Substantia Nigra) നാശത്തിന് കാരണമാകുന്ന രോഗം

A) അപസ്മാരം
B) അൽഷിമേഴ്സ്
C) പാർക്കിൻസൺസ്
D) ബ്രെയിൻ ട്യൂമർ

33. കാൻസർ മൂലമോ അതിന്റെ ചികിത്സ മൂലമോ ഉണ്ടാകുന്ന വിളർച്ച ചികിത്സിക്കാൻ ഉപയോഗിക്കുന്ന പ്രോട്ടീൻ

A) എറിത്രോപോയിറ്റിൻ
B) പ്രോത്രോംബിൻ
C) സൊമാറ്റോമെഡിൻ
D) ഇമ്യൂനോഗ്ലോബിൻ

34. ഇൻസുലിൻ നിയന്ത്രിത പ്രോട്ടീൻ (Insulin Dependant) ഏതാണ് ?

A) GLUT – 1 B) GLUT – 2 C) GLUT – 3 D) GLUT – 4

35. ടൈഫോയ്ഡ് രോഗനിർണ്ണയത്തിനായി ഉപയോഗിക്കുന്ന വൈഡൽ ടെസ്റ്റിന്റെ (Widal Test) പ്രധാന തത്വം എന്താണ് ?

A) ഹീമോലിസിസ്
B) അഗ്ലൂട്ടിനേഷൻ
C) കൊയാഗുലേഷൻ
D) ഇവയൊന്നുമല്ല

36. 'ഓപ്പറേഷൻ അമൃത്' പദ്ധതി ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) എയ്ഡ്സ് ബോധവത്ക്കരണം

B) ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയൽ

C) വയോധികർക്കുള്ള സൗജന്യ രോഗനിർണ്ണയവും ചികിത്സയും

D) അട്ടപ്പാടിയിലെ മാതൃ-ശിശു ആരോഗ്യ സംരക്ഷണം

37. 2012-ൽ കേരള സർക്കാർ തിരഞ്ഞെടുത്ത കേരളത്തിലെ ആദ്യത്തെ ജൈവ വൈവിധ്യ പൈതൃക കേന്ദ്രം ഏതാണ് ?

A) കൊല്ലം ആശ്രാമത്തെ കണ്ടൽവനങ്ങൾ

B) മൺറോ തുരുത്തിലെ കണ്ടൽവനം

C) മംഗളവനം പക്ഷിസങ്കേതം

D) കണ്ണൂർ കുഞ്ഞിമംഗലം

38. പ്രകാശത്തിന്റെ തരംഗ സിദ്ധാന്തം ആവിഷ്ക്കരിച്ച ശാസ്ത്രജ്ഞൻ ആര് ?

A) സർ ഐസക് ന്യൂട്ടൺ

B) ക്രിസ്റ്റ്യൻ ഹൈജൻസ്

C) ക്രിസ്റ്റ്യൻ ഈഴ്സ്റ്റഡ്

D) തോമസ് യംഗ്

39. താഴെ തന്നിട്ടുള്ളവയിൽ ഏറ്റവും ശക്തി കുറഞ്ഞ ബലം ഏതാണ് ?

A) ഗുരുത്വാകർഷണ ബലം

B) കാന്തിക ബലം

C) വൈദ്യുത കാന്തിക ബലം

D) ന്യൂക്ലിയർ ബലം

40. kWh (കിലോ വാട്ട് ഔവർ) എന്നത് ഏത് ഭൗതിക അളവിന്റെ യൂണിറ്റ് ആണ് ?

A) സമയം (Time)

B) പവർ (Power)

C) ഊർജ്ജം (Energy)

D) ബലം (Force)

41. ഭൂമിയുടെ Low-Earth ഭ്രമണ പഥത്തിൽ, രണ്ട് ബഹിരാകാശ വാഹനങ്ങൾക്കിടയിൽ ഡോക്കിംഗും (docking) അൺഡോക്കിംഗും (undocking) പരീക്ഷിക്കുന്നതിനായി വിക്ഷേപിച്ച ISRO ദൗത്യത്തിന്റെ പേര്

A) ഗഗൻയാൻ

B) ആസ്ട്രോഡോക്ക് മിഷൻ

C) ചന്ദ്രയാൻ 4 മിഷൻ

D) SpaDex മിഷൻ

42. റൂഥർഫോർഡിന്റെ ആൽഫാ ($\alpha$) കിരണ വിസരണ പരീക്ഷണത്തിലെ തെറ്റായ നിരീക്ഷണം ആണ്

A) സ്വർണ്ണതകിടിലൂടെ മിക്ക $\alpha$-കണങ്ങളും വ്യതിയാനമില്ലാതെ കടന്നുപോയി

B) സ്വർണ്ണതകിടിലൂടെ മിക്ക $\alpha$-കണങ്ങളും 180° വരെ വ്യതിചലിച്ചു

C) $\alpha$-കണങ്ങളുടെ ഒരു ചെറിയ ഭാഗം ചെറിയ കോണുകളിൽ വ്യതിചലിച്ചു

D) വളരെകുറച്ച് കണങ്ങൾ 180° വരെ വ്യതിചലിച്ചു

43. അറ്റോമിക സംഖ്യ 120 ഉള്ള മൂലകത്തിന്റെ IUPAC നാമം ആണ്

A) അൺ ബൈനിലിയം

B) അൺ ബൈപെന്റിയം

C) അൺ ബൈഒക്റ്റിയം

D) അൺ ബൈഎന്നിയം

44. താഴെ തന്നിരിക്കുന്നവയിൽ അർധലോഹങ്ങൾ (ഉപലോഹം) അല്ലാത്തവയാണ്

A) സിലിക്കൺ

B) ജെർമ്മേനിയം

C) ടെലൂറിയം

D) മഗ്നീഷ്യം

45. ദ്രവ്യത്തിന്റെ ഒൻപതാമത്തെ അവസ്ഥയാണ്

A) പ്ലാസ്മാ

B) ക്വാർക്ക് ഗ്ലൂവോ പ്ലാസ്മാ

C) കളർ ഗ്ലാസ്സ് കണ്ടൻസേറ്റ്

D) ജാൻ ടെല്ലർ മെറ്റൽ

46. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ഓണവുമായി ബന്ധപ്പെട്ട് ശരിയായവ കണ്ടെത്തുക.

1. പ്രാചീന തമിഴ് കൃതിയായ 'മധുരൈ കാഞ്ചി'യിൽ ഓണത്തെക്കുറിച്ചുള്ള പരാമർശം ഉണ്ട്.

2. തിരുവല്ല മേച്ചേരി ഇല്ലത്തു നിന്നും ലഭിച്ച സ്ഥാണുരവിയുടെ 17-ാം ഭരണ വർഷം രേഖപ്പെടുത്തിയ ഒരു ചെമ്പ് ലിഖിതത്തിൽ ഓണത്തെക്കുറിച്ച് പരാമർശമുണ്ട്.

A) പ്രസ്താവന ഒന്ന് ശരിയാണ്, എന്നാൽ രണ്ട് തെറ്റാണ്

B) പ്രസ്താവന ഒന്ന് തെറ്റാണ്, എന്നാൽ രണ്ട് ശരിയാണ്

C) പ്രസ്താവന ഒന്നും രണ്ടും ശരിയാണ്

D) പ്രസ്താവന ഒന്നും രണ്ടും തെറ്റാണ്

47. 2025-ലെ നോർവ്വെയുടെ ഉന്നത ബഹുമതിയായ 'ഹോൾബെർഗ്' പുരസ്കാരത്തിന് അർഹയായ ഇന്ത്യൻ എഴുത്തുകാരി

A) ഉപേന്ദ്ര സിംഗ്

B) രാധികാ സിൻഹ

C) ഷെറീൻ രത്നാകർ

D) ഗായത്രി സ്പിവാക്

VPK Learnings

48. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ഉദ്ദണ്ഡ ശാസ്ത്രികളുമായി ബന്ധപ്പെട്ട് ശരിയായവ കണ്ടെത്തുക.

1. 'വസുമതി വിക്രമം' എന്ന കൃതി രചിച്ചത് ഉദ്ദണ്ഡശാസ്ത്രികൾ ആണ്.

2. 'കോകില സന്ദേശം' എന്ന സന്ദേശകാവ്യം രചിച്ചത് ഉദ്ദണ്ഡശാസ്ത്രികൾ ആണ്.

A) പ്രസ്താവന ഒന്ന് ശരിയാണ്, എന്നാൽ രണ്ട് തെറ്റാണ്

B) പ്രസ്താവന ഒന്ന് തെറ്റാണ്, എന്നാൽ രണ്ട് ശരിയാണ്

C) പ്രസ്താവന ഒന്നും രണ്ടും ശരിയാണ്

D) പ്രസ്താവന ഒന്നും രണ്ടും തെറ്റാണ്

49. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ മുൻ ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റനായിരുന്ന എം. എസ്. ധോണിയുമായി ബന്ധപ്പെട്ട് ശരിയായവ കണ്ടെത്തുക.

1. 'ഐ. സി. സി വേൾഡ് കപ്പ്, '20 ട്വൻഡി' വേൾഡ് കപ്പ്, ചാമ്പ്യൻസ് ട്രോഫി' എന്നീ മൂന്ന് മൽസരങ്ങളിലും വിജയം കൈവരിച്ച ആദ്യ ഇന്ത്യൻ ക്യാപ്റ്റൻ.

2. തന്റെ കരിയറിൽ 200 ടെസ്റ്റ് മാച്ച് കളിച്ച ആദ്യ ഇന്ത്യൻ താരം.

A) പ്രസ്താവന ഒന്ന് ശരിയാണ്, എന്നാൽ രണ്ട് തെറ്റാണ്

B) പ്രസ്താവന ഒന്ന് തെറ്റാണ്, എന്നാൽ രണ്ട് ശരിയാണ്

C) പ്രസ്താവന ഒന്നും രണ്ടും ശരിയാണ്

D) പ്രസ്താവന ഒന്നും രണ്ടും തെറ്റാണ്

Learnings

50. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ കേരള കലാമണ്ഡലവുമായി ബന്ധപ്പെട്ട് ശരിയായവ കണ്ടെത്തുക.

1. 1930 കളിലാണ് കേരള കലാമണ്ഡലം സ്ഥാപിക്കപ്പെട്ടത്.

2. വള്ളത്തോൾ നാരായണ മേനോന്റെ നേതൃത്വത്തിലാണ് കേരള കലാമണ്ഡലം സ്ഥാപിക്കപ്പെട്ടത്.

A) പ്രസ്താവന ഒന്ന് ശരിയാണ്, എന്നാൽ രണ്ട് തെറ്റാണ്

B) പ്രസ്താവന ഒന്ന് തെറ്റാണ്, എന്നാൽ രണ്ട് ശരിയാണ്

C) പ്രസ്താവന ഒന്നും രണ്ടും ശരിയാണ്

D) പ്രസ്താവന ഒന്നും രണ്ടും തെറ്റാണ്

51. × എന്നാൽ + ഉം – എന്നാൽ ÷ ആയാൽ 12 × 39 – 3 = ?

A) 432
B) 468
C) 25
D) 17

52. $\frac{(16)^2 \times (3^2)^4}{9^3 \times (4^2)^3} = ?$

A) $\frac{9}{16}$
B) $\frac{16}{9}$
C) $\frac{5}{4}$
D) $\frac{4}{5}$

53. ഒറ്റയാൻ ഏത് ?
26, 65, 85, 52, 78

A) 52
B) 26
C) 85
D) 78

54. 5x + 15 : 8x + 16 = 2 : 3 ആയാൽ 'x' ന്റെ വില എന്ത് ?

A) 12
B) 13
C) 14
D) 15

55. $x - \frac{1}{x} = 2$ ആയാൽ $x^2 + \frac{1}{x^2} = ?$

A) 10
B) 8
C) 6
D) 4

56. 8 : 2 : : 512 : ?

A) 6
B) 8
C) 7
D) 9

57. ഒരു ഗോളത്തിന്റെ ഉപരിതലവിസ്തീർണ്ണം 120 ചതുരശ്രസെന്റിമീറ്റർ ആണ്. അതിനെ രണ്ട് അർദ്ധഗോളങ്ങളാക്കി മാറ്റിയാൽ ഒരു അർദ്ധഗോളത്തിന്റെ ഉപരിതല വിസ്തീർണ്ണം എത്ര ?

A) 90
B) 80
C) 70
D) 60

58. പേരും മേൽവിലാസവും നൽകിയിരിക്കുന്നു. തുല്യമായത് ഏത് ?

Firzana Muhammed
Sania Manzil
Varanasi 210120

A) Firzana Mohammed
Sania Manzil
Varanasi 210120

B) Firzana Muhammed
Sania Mansil
Varanasi 210120

C) Firzana Muhammad
Sania Manzil
Varanasi 210120

D) Firzana Muhammed
Sania Manzil
Varanasi 210120

59. 10 പേനയുടെ വിറ്റവിലയും 15 പേനയുടെ വാങ്ങിയവിലയും തുല്യമായാൽ ലാഭശതമാനം എത്ര ?

A) 15%
B) 10%
C) 60%
D) 50%

60. ദിയയുടെ അച്ഛന്റെ ഏകമകളാണ് രാജുവിന്റെ ഭാര്യ. രാജുവിന്റെ മകനാണ് രാഹുൽ. എങ്കിൽ ദിയയും രാഹുലും തമ്മിലുള്ള ബന്ധം ?

A) മകൻ
B) മകൾ
C) അച്ഛൻ
D) ഭർത്താവ്

61. താഴെ പറയുന്നവയിൽ, ഒരു അഗ്നിശമനി (Extinguisher) പ്രവർത്തിപ്പിക്കുന്നതിനുള്ള ശരിയായ രീതി ഏതാണ് ?

A) PASS
B) SAPP
C) SADT
D) ഇവ ഒന്നുമല്ല

62. ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന LPG ഇന്ധനത്തിൽ ഗന്ധം ലഭിക്കുന്നതിനായി ചേർക്കുന്ന കെമിക്കൽ ഏതാണ് ?

A) മീഥൈൽ ഐസോ സയനേറ്റ്
B) ഈഥൈൽ മെർക്കാപ്റ്റൻ
C) സോഡിയം ബൈ കാർബണേറ്റ്
D) TEC പൗഡർ

63. ഡ്രൈ ഐസ് എന്ന് അറിയപ്പെടുന്നത് എന്താണ് ?

A) സോളിഡ് ഓക്സിജൻ
B) ലിക്വിഡ് ഓക്സിജൻ
C) ലിക്വിഡ് കാർബൺ ഓക്സൈഡ്
D) സോളിഡ് കാർബൺ ഡൈ ഓക്സൈഡ്

64. ലോഹങ്ങളിൽ ഉണ്ടാകുന്ന അഗ്നിബാധ ഏത് തരം അഗ്നിബാധയിൽ ഉൾപ്പെടുന്നു ?

A) ക്ലാസ് എ ഫയർ
B) ക്ലാസ് ബി ഫയർ
C) ക്ലാസ് സി ഫയർ
D) ക്ലാസ് ഡി ഫയർ

65. താഴെ പറയുന്നവയിൽ വായു സമ്പർക്കം ഒഴിവാക്കിക്കൊണ്ട് അഗ്നിശമനം നടത്തുന്ന മാർഗ്ഗമേതാണ് ?

A) സ്മോതറിംഗ് & സ്റ്റാർവേഷൻ

B) ബ്ലാങ്കറ്റിംഗ് & സ്റ്റാർവേഷൻ

C) ബ്ലാങ്കറ്റിംഗ് & സ്മോതറിംഗ്

D) ഇവ ഒന്നുമല്ല

66. താഴെ പറയുന്നവയിൽ ഏറ്റവും ഉയർന്ന ജ്വലന പരിധിയുള്ളത് ഏതിനാണ് ?

A) പെട്രോൾ

B) മീഥേൻ

C) അസറ്റലീൻ

D) LPG

67. ഊഷ്മാവ് സ്ഥിരമായിരിക്കുമ്പോൾ ഒരു വാതകത്തിൽ വ്യാപ്തവും മർദ്ദവും വിപരീതാനുപാതത്തിലായിരിക്കും എന്ന് പ്രതിപാദിക്കുന്ന നിയമം ഏതാണ് ?

A) ബോയിൽസ് നിയമം

B) ചാൾസ് നിയമം

C) പാസ്ക്കൽ നിയമം

D) ഇവ ഒന്നുമല്ല

68. ഖര പദാർത്ഥങ്ങൾ ചൂടാക്കുമ്പോൾ ദ്രാവകമാകാതെ നേരിട്ട് വാതകരൂപത്തിലാകുന്ന പ്രക്രിയയെ വിളിക്കുന്ന പേരെന്ത് ?

A) വികിരണം (Radiation)

B) സംവഹനം (Convection)

C) ഉത്പതനം (Sublimation)

D) സ്മോതറിംഗ് (Smothering)

69. താഴെ പറയുന്നവയിൽ അഗ്നിശമന മാധ്യമം അല്ലാത്തത് ഏത് ?

A) കാർബൺ ഡൈ ഓക്സൈഡ്

B) ഹെപ്റ്റാ ഫ്ലൂറോ പ്രോപ്പയിൻ

C) FM 200

D) FM 500

VPK Learnings

70. ആധുനിക പ്രഥമ ശുശ്രൂഷയുടെ പിതാവ് എന്നറിയപ്പെടുന്നത് ആര് ?

A) ലൂയി പാസ്റ്റർ

B) ഫ്രെഡറിക് എസ്മാർക്ക്

C) ജോനാസ് സാൽക്ക്

D) എഡ്വേർഡ് ജന്നർ

71. കുട്ടികളിൽ അസ്ഥി വളഞ്ഞ്, ഒരു ഭാഗം മാത്രം ഒടിയുന്നതരം അസ്ഥിഭംഗത്തെ വിളിക്കുന്ന പേരെന്ത് ?

A) ഓപ്പൺ ഫ്രാക്ചർ

B) ഗ്രീൻ സ്റ്റിക്ക് ഫ്രാക്ചർ

C) കോമ്പൗണ്ട് ഫ്രാക്ചർ

D) സിമ്പിൾ ഫ്രാക്ചർ

72. CPR എന്നതിന്റെ പൂർണ്ണരൂപം എന്താണ് ?

A) കാർഡിയോ പേഷ്യന്റ് റെസ്ക്യൂ

B) കാർഡിയോ പൾമണറി റസസിറ്റേഷൻ

C) കാർഡിയോ പൾമണറി റെസ്ക്യൂ

D) കാർഡിയോ പേഷ്യന്റ് റസസിറ്റേഷൻ

73. അമിത രക്തസ്രാവം മൂലം ജീവൻ അപകടത്തിലാകുമ്പോൾ പ്രയോഗിക്കുന്ന പ്രഥമ ശുശ്രൂഷ ഏത് ?

A) ടൂർണിക്കെ

B) സ്പ്ലിന്റ്

C) ഫ്രോസ്റ്റ് ബൈറ്റ്

D) ഇവയൊന്നുമല്ല

74. നിരവധി ആളുകൾക്ക് പരിക്കേറ്റ് വൈദ്യസഹായം നൽകേണ്ട സാഹചര്യത്തിൽ, പരിക്കേറ്റ ആളുകളെ തരംതിരിക്കുന്ന പ്രക്രിയയെ വിളിക്കുന്ന പേരെന്ത് ?

A) ഡ്രൂപ്പിംഗ്

B) ട്രയേജ്

C) റസസിറ്റേഷൻ

D) ഇവയൊന്നുമല്ല

75. മനുഷ്യന്റെ നിശ്വാസ വായുവിൽ ഓക്സിജന്റെ അളവ് എത്ര ?

A) 21% B) 1% C) 17% D) 4%

76. AED ഏത് അവസ്ഥയിൽ ഉപയോഗിക്കുന്നു ?

A) ഹൃദയാഘാതം
B) ചോക്കിംഗ്
C) ക്ഷതം
D) പൊള്ളൽ

77. പ്രഥമ ശുശ്രൂഷയിൽ ABC എന്നത് എന്തിനെ സൂചിപ്പിക്കുന്നു ?

A) Air, Breath, Care
B) Air, Bandage, Cause
C) Action, Bandage, Care
D) Airway, Breathing, Circulation

78. SPLINT താഴെ പറയുന്നവയിൽ എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) അസ്ഥി ഭംഗം
B) പൊള്ളൽ
C) ചോക്കിംഗ്
D) രക്തസ്രാവം

79. ഇന്ത്യയിൽ വിവര സാങ്കേതിക നിയമം നിലവിൽ വന്ന വർഷമേത് ?

A) 2000
B) 2003
C) 2006
D) 2008

80. സാമ്പത്തിക കുറ്റത്തിനോ മറ്റു ദുരുദ്ദേശങ്ങൾക്കോ ക്രിമിനൽ ഉദ്ദേശത്തോടെ കംപ്യൂട്ടർ സിസ്റ്റങ്ങളിലേയ്ക്ക് കടന്നുകയറുന്ന സൈബർ ക്രിമിനലിനെ വിളിക്കുന്ന പേരെന്ത് ?

A) White Hat Hacker
B) Black Hat Hacker
C) Grey Hat Hacker
D) Red Hat Hacker



VPK Learnings

81. ശരിയായ പദമേത് ?

A) ആശ്ചാദനം

B) ആച്ഛാദനം

C) അശ്ചാദനം

D) ആഛാദനം

82. താഴെ കൊടുത്തിരിക്കുന്നവയിൽ 'കുതിര' എന്ന അർത്ഥം വരാത്ത പദമേത് ?

A) അർവ്വാവ്

B) കിങ്കിരം

C) അശ്മകം

D) സപ്തി

83. 'ചുവപ്പ്' എന്നതിന് സമാനമായ പദമേത് ?

A) ലോഹിതം

B) താമ്രം

C) ശ്വേതം

D) സിതം

84. 'താമസം' എന്നതിന്റെ നാനാർത്ഥങ്ങളാണ്

A) പാമ്പ്, മൂങ്ങ, ഇരുട്ട്, തമോഗുണം

B) ഒരു കൺരോഗം, അഹങ്കാരം, തമോഗുണം, തിന്മ

C) ഇരുട്ട്, അഹങ്കാരം, ദുഷ്ടത, തിന്മ

D) ഇരുട്ട്, തുരുമ്പ്, കറുപ്പ്, തിന്മ

85. എതിർലിംഗമെഴുതുക – 'വിധവ'.

A) വിദുരൻ

B) വിദഥൻ

C) വിധുരൻ

D) വിധാത്രി

86. അജ്ഞന്മാർക്ക് അനുഷ്ഠാന കർമ്മങ്ങൾ ഉണ്ടോ ? – സമാന അർത്ഥം വരുന്ന പഴഞ്ചൊല്ലേത് ?

A) ആടറിയുമോ അങ്ങാടിവാണിഭം

B) അഗതിച്ചൊല്ല് അരങ്ങത്തേശുമോ

C) അഞ്ചുവിരലും ഒരുപോലെയോ

D) കാട്ടുകോഴിക്കുണ്ടോ മകരസംക്രാന്തി

87. 'കാപ്പുകെട്ടുക' എന്ന ശൈലിയുടെ അർത്ഥമെന്ത് ?

A) അവസാനിക്കുക

B) ഒരുങ്ങുക

C) നശിപ്പിക്കുക

D) ചതിക്കുക

88. പിരിച്ചെഴുതുക – വെണ്മ

A) വെള് + മ

B) വെല് + മ

C) വെൺ + മ

D) വെൾ + മ

89. ഒറ്റപ്പദമെഴുതുക – എളുപ്പത്തിൽ ചെയ്യാവുന്നത്

A) സുഗമം

B) സുഗതം

C) സുകരം

D) സുഖദം

90. അർത്ഥപൂർണ്ണവും യുക്തിസഹവുമായ വാക്യം നിർമ്മിക്കുക.

1. കൂട്ടായ
2. ദാരിദ്ര്യത്തിൽ
3. ഭാരതജനതയ്ക്ക്
4. അദ്ധ്വാനം കൊണ്ടേ
5. കഴിയുകയുള്ളൂ
6. കരകയറാൻ
7. മുങ്ങിയിരിക്കുന്ന

A) 2731465

B) 3412675

C) 6275412

D) 3645127



VPK Learnings

91. The assailant ____________ several places before being apprehended by the police.
Fill in the blank using suitable phrasal verb given in the options.

A) called on
B) called at
C) called up
D) called upon

92. I would rather you _________ indoors.
Fill in the blank using the most suitable option.

A) won't smoke
B) doesn't smoke
C) don't smoke
D) didn't smoke

93. The word 'DEPOSITION' in legal context means
Identify the option which is closest in meaning to the underlined word.

A) An assertion of innocence
B) Evidence of absence
C) Witness statement taken outside the court
D) A defence strategy

94. I will finish the task in no time ________ ?
Use the most appropriate question tag.

A) Won't I
B) Will I
C) Would I
D) Wouldn't I

95. The defence counsel was prevented ________ submitting additional evidence ________ the trial.
Use the most suitable set of prepositions.

A) from – during
B) of – at
C) in – at
D) for – during

VPK Learnings

96. One word substitute for the killing of women and girls because of their gender.

Choose the suitable word for underlined sentence from the options.

A) Foeticide
B) Filicide
C) Fratricide
D) Femicide

97. Complete the combination using the most suitable option.

Boar : Sow, Gander : __________

A) Drake
B) Goose
C) Duck
D) Gobbler

98. Who is organising the charity event for the next week ?

Turn into Passive Voice.

A) Who has been organised the charity event for the next week ?
B) Who organised the charity event for the next week ?
C) By whom the charity event is being organised for the next week ?
D) By whom is the charity event being organised for the next week ?

99. Their discussion always ended in disagreement.

Pick out the antonym for the underlined word.

A) Dissension
B) Discord
C) Consensus
D) Contention

100. Even though I was a beginner in this field, there had been my friend to show me the ropes.

Identify the meaning of the underlined idiom.

A) to leave someone succeed or fail on their own in an entirely new field
B) to teach or guide someone, especially in a new job
C) to solve a problem or learn something independently
D) to make care of oneself or manage ones own affairs

Space for Rough Work

VPK Learnings